## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.479 | 29.06.2011-ൽ മറുപടിയ്ക്ക് |
|---|---|

### മഴക്കാല രോഗങ്ങൾക്കും പകർച്ച വ്യാധികൾക്കും എതിരെയുള്ള മുൻകരുതലുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ എം ഉമ്മർ | | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) | |
| എ) | മഴക്കാലരോഗങ്ങൾക്കും പകർച്ച വ്യാധി കൾക്കും എതിരെയുള്ള മുൻകരുതൽ പ്രവർത്തനങ്ങൾ ശക്തമാക്കുന്നുണ്ടോ എങ്കിൽ വിശദവിവരങ്ങൾ അറിയിക്കാമോ? | എ) | മഴക്കാല രോഗങ്ങൾക്കും പകർച്ച വ്യാധികൾക്കും എതിരെയുള്ള മുൻ കരുതൽപ്രവർത്തനങ്ങൾ ശക്ത മാക്കുന്നുണ്ട്. ഇവ തടയുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു. മഴക്കാല പൂർവ്വ ശുചീകരണ ത്തിന്റെ ഭാഗമായി സംസ്ഥാന ത്തിലും ജില്ലാതല ങ്ങളിലും പഞ്ചായത്ത് തലങ്ങളിലും വിവിധവകുപ്പുകളുടെയും ആരോഗ്യ പ്രവർത്തക രുടെയും ജനനേതാക്കളുടെയും സംയുക്തയോഗം കൂടുകയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത ചർച്ചചെയ്യുകയുമുണ്ടായി . ഇതിന്റെ അടിസ്ഥാനത്തിൽ മാലിന്യ നിർമാർജ്ജനം, കൊതുക്-കൂത്താടി ഉറവിട നശീകരണം, ഓട വൃത്തി യാക്കൽ , ആരോഗ്യ ബോധവൽ ക്കരണം, എന്നിവ പല സ്ഥലങ്ങളിലും നടന്നു വരുന്നു. ഇതിനോടൊപ്പം രോഗമുള്ള വരെ തുടക്കത്തിലെ കണ്ടു പിടിക്കുന്നതിനും ആവശ്യ മായ ചികിത്സ നൽകുന്ന തിനും വേണ്ട സംവിധാനങ്ങൾ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ഏർപ്പെടുത്തി യിട്ടുണ്ട്.ഇതോടൊപ്പം പ്രാഥമി കാരോഗ്യകേന്ദ്രം മുതൽ ആരോഗ്യ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ കീഴിലുള്ള എല്ലാ ആശുപത്രി കളിലും ആവശ്യമായ മരുന്നുകൾ കേരള മെഡി ക്കൽ സർവ്വീസ്കോർപ്പറേഷൻ (ലിമിറ്റഡ്) വഴിയായി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ